ചുവട്ടിലാണ് ആളുകൾ ഓടിനടന്നിരുന്നത്. എങ്കിൽ ഇന്ന് സ്റ്റേഷൻ പരിസരത്ത് ഓടിനടക്കുന്നു. സംഭാവനയായി ലഭിച്ച ആ രണ്ടര ഏക്കർ സ്ഥലത്ത് 'വേ ഇൻ' ഉം, 'വേ ഔട്ട്' ഉം, സ്റ്റേഷൻ പരിസരവും, മെറ്റൽ ചെയ്ത് ടാർചെയ്ത് സംരക്ഷിച്ച് സ്റ്റേഷൻ മാസ്റ്ററുടെ ഓഫീസായി പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, ഏറ്റുമാനൂർ ബസ്സ്റ്റേഷനിലുള്ള റോഡുകളും സ്റ്റേഷൻ പരിസരവും മെറ്റൽ ചെയ്തു ടാർചെയ്യുന്നതിന് കെ. എസ്. ആർ. ടി. സി. നടപടികൾ സ്വീകരിച്ചു വരുന്നു. അതിനുവേണ്ടി ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. കെ. എസ്. ആർ. ടി. സി. ഇപ്പോൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടു കാരണം അടിയന്തിരമായി ജോലികൾ ചെയ്തു തീർക്കാൻ സാധിച്ചില്ല. എങ്കിലും കാലതാമസം കൂടാതെ തന്നെ ഈ ജോലികൾ ചെയ്തു തീർക്കാൻ ശ്രമിക്കുന്നതാണ്.

(3) തണ്ടാർ സമുദായത്തിന്റെ റിസർവേഷൻ ആനുകൂല്യം മറ്റുള്ളവർ തട്ടിയെടുക്കുന്നു എന്ന പരാതി

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, ഒരു പക്ഷേ നമ്മുടെ രാജ്യത്ത് ഹരിജനങ്ങൾക്ക് അനുവദിച്ചിട്ടുള്ള റിസർവേഷൻ ഹരിജനങ്ങളല്ലാത്ത ആളുകൾ തട്ടിയെടുക്കുന്ന ഒരു സംഭവം ഇതിനുമുമ്പ് വേറെങ്ങും ഉണ്ടായിക്കാണാനിടയില്ല. മദ്ധ്യ തിരുവിതാംകൂറിൽ തണ്ടാൻ എന്നു പറഞ്ഞ് ഒരു വിഭാഗം ആളുകളുണ്ട്. അവർ ഹരിജനങ്ങളാണ്; തെങ്ങു കയറ്റത്തൊഴിലാളികളാണ്. അവർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന റിസർവേഷൻ ആനുകൂല്യം ഇപ്പോൾ തണ്ടാൻമാരിൽത്തന്നെ ഈഴവർ എന്ന വിഭാഗത്തിൽപ്പെടുന്ന തണ്ടാൻമാർ ഈ സഭയിലെ തന്നെ ഒരംഗമായ ശ്രീമാൻ സി. ജി. ജനാർദ്ദനൻ ഉൾപ്പെടെയുള്ള ആളുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു എന്ന വസ്തുത വളരെ ഗൗരവമായി നമ്മൾ പരിശോധിക്കേണ്ടതാണ്. പ്രഗൽഭൻമാരില്ലാത്ത പാവപ്പെട്ട ഒരു സമുദായമാണ് മദ്ധ്യ തിരുവിതാംകൂറിലെ ഈ മരംകയറ്റ തൊഴിലാളികളായ തണ്ടാൻമാർ. മുമ്പ് ഈ സഭയിലെ അംഗമായിരുന്ന കെ. കെ. കോയിക്കൽ ഉൾപ്പെടെയുള്ള മരംകയറ്റ തൊഴിലാളികൾ ഉൾപ്പെടുന്ന ആ വിഭാഗത്തിന് അര ശതമാനമാണ് റിസർവേഷനുള്ളത്. അതിന് മറ്റു ചില ഭാഗത്തേക്കുകൂടി വ്യാപിപ്പിച്ച് അപഹരിച്ചുകൊണ്ടിരിക്കുകയാണ്. ഏറ്റവും ശരിയായ അർത്ഥത്തിൽ ഈ തണ്ടാൻമാരായിട്ടുള്ള ആളുകൾ സംസ്ഥാനത്തിന്റെ മറ്റേതെങ്കിലും ഭാഗത്തുണ്ടെങ്കിൽ അവർക്ക് അത് അനുവദിക്കുന്നതിനോടോ അല്ലെങ്കിൽ അതിന്റെ ശതമാനം കൂട്ടിക്കൊടുക്കുന്നതിനോടോ നമുക്കാർക്കും അഭിപ്രായ വ്യത്യാസമില്ല. ഇന്നത്തെ അഡ്വക്കേറ്റ് ജനറലായ ശ്രീമാൻ പി. വി. അയ്യപ്പൻ, എസ്. എൻ. ഡി. പി. യോഗത്തിന്റെ ജനറൽ സെക്രട്ടറി ശ്രീമാൻ എ. എസ്. പ്രതാപ്സിംഗ് തുടങ്ങിയവർ തണ്ടാൻമാരിൽപ്പെടുന്ന ആളുകളാണ്. അവർ മരംകയറ്റ തൊഴിലാളികളായ, ഹരിജനങ്ങളായ, തണ്ടാൻമാരല്ല. ശ്രീമാൻ പ്രതാപ്സിംഗ് തണ്ടാൻമാരുടെ റിസർവേഷൻ ആനുകൂല്യത്തിനുവേണ്ടി ഒരൊറ്റ ഈഴവനും മുന്നോട്ടു വന്നുകൂടാ ഹരിജനങ്ങളായ തണ്ടാൻമാർക്കുവേണ്ടി നീക്കിവച്ചിരിക്കുന്നതാണെന്നു പറഞ്ഞ് സർക്കുലർ അയച്ചിട്ടുണ്ട്. പക്ഷേ ഇതിനിടയ്ക്ക് കൂടി ഒരു വിഭാഗം ആളുകൾ ഈ ആനുകൂല്യം തട്ടിയെടുക്കുന്നു. ഈ പാവപ്പെട്ട സമു

LIBRARY ARCHIVES Kerala Legislative Assembly

ദായത്തിന് കിട്ടുന്ന ആനുകൂല്യം തട്ടിയെടുക്കുന്ന സമ്പ്രദായം അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, 1976 വരെ തിരുവിതാംകൂർ-കൊച്ചിയിൽ മാത്രം തണ്ടാൻ സമുദായം പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടിരുന്നു. എന്നാൽ 1977-ൽ പട്ടിക ജാതി പട്ടിക വർഗ്ഗ നിയമത്തിൽ ഭേദഗതി വരുത്തിയതോടുകൂടി മലബാർ പ്രദേശത്തുള്ള പ്രത്യേകിച്ചും പാലക്കാട് ഡിസ്ട്രിക്ടിലും തൃശ്ശൂർ ഡിസ്ട്രിക്ടിലെ തലപ്പള്ളി, ചാവക്കാട് താലൂക്കുകളിലുമുള്ള തണ്ടാൻമാർ പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെടുത്തണമെന്ന ആവശ്യമുന്നയിച്ചു. അങ്ങനെ ഏതാനുംപേർക്ക് ഈ ആനുകൂല്യം കിട്ടുകയും ചെയ്തു. എന്നാൽ തണ്ടാൻ എന്നു പേരുള്ളതുകൊണ്ടുമാത്രം അവർക്ക് പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ കൊടുക്കുന്നത് തെറ്റാണെന്ന് പറഞ്ഞ് ആക്ഷേപമുണ്ടാകുകയും അതനുസരിച്ച് ചില ഭേദഗതികൾ വരുത്തിക്കൊണ്ട് സംസ്ഥാനഗവൺമെൻറ് ഒരു കൽപ്പന പുറപ്പെടുവിക്കുകയും ചെയ്തു. ആ കൽപ്പനയിൻമേൽ ഇതിൽ ബുദ്ധിമുട്ടനുഭവപ്പെടുന്ന ആളുകൾ കോടതിയെ സമീപിച്ചു. അവസാനം തണ്ടാൻമാരെ തിരുവിതാംകൂർ-കൊച്ചിയും മലബാറും തമ്മിൽ വേർതിരിക്കാൻ പാടില്ല എന്നുള്ള വിധി സുപ്രീം കോടതിയിൽ നിന്നുമുണ്ടായി. ഈ സാഹചര്യത്തിൽ ഗവൺമെൻറിന് ചെയ്യാൻ സാധിക്കുന്ന ഒരു നടപടി ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. അവരുടെ സർട്ടിഫിക്കറിലോ അല്ലെങ്കിൽ മറ്റു രേഖയിലോ വ്യത്യസ്തമായ പേരു കാണുകയാണെങ്കിൽ അത് ശദ്ധയിൽപ്പെട്ടു കഴിഞ്ഞാൽ റവന്യൂ ഉദ്യോഗസ്ഥൻമാർ പരിശോധിച്ച് ആ പരിശോധന ഹരിജൻ വെൽഫെയർ ഡയറക്ടറെ അറിയിച്ചാൽ ഡയറക്ടർ അത് കിർത്താഡിനെ അറിയിച്ച് അവരുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ തണ്ടാൻമാരാണെന്നു സ്ഥാപിച്ചു കിട്ടിയാൽ റിസർവേഷൻ ആനുകൂല്യം കൊടുക്കാൻവേണ്ടിയുള്ള വ്യവസ്ഥയാണ്. ഇന്നത്തെ ഈ നിലതുടരുന്നതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ അർഹതയില്ലാത്ത ആളുകൾക്ക് കിട്ടുന്നു എന്നുള്ള പരാതിയുണ്ട് എന്നുള്ളത് ശരിയാണ്. ഏതായാലും ഇന്ന് ഈ ഗവൺമെൻറ് എടുത്ത നടപടിയുടെ ഫലമായി കുറെ നിയന്ത്രിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ പട്ടിക ജാതി പട്ടിക വർഗ്ഗ നിയമം ഭേദഗതി ചെയ്തുകൊണ്ട് യഥാർത്ഥത്തിൽ പട്ടികജാതിക്കാരായിട്ടുള്ള തണ്ടാൻമാരല്ലാത്തവർക്ക് തണ്ടാൻ എന്ന നാമമുള്ളതുകൊണ്ടു മാത്രം കൊടുക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യണം. പല സംഘടനകളും നമ്മുടെ മുമ്പിലുണ്ട്, ബഹുമാനപ്പെട്ട മെമ്പറുടെകക്ഷിയിൽത്തന്നെ ഒരാൾ എം.എൽ.എ.വരെയായിട്ടുണ്ട്. ഇങ്ങനെയുള്ള ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. ആ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുവേണ്ടി ഈ നിയമം ഭേദഗതി ചെയ്യണമെന്ന് സംസ്ഥാന ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നതാണ്.

(4) പേരൂർക്കട പ്രദേശത്തു നിലനിൽക്കുന്ന സംഘർഷാവസ്ഥ

ശ്രീ. ജി. കാർത്തികേയൻ : സർ, എൻെറ നിയോജക മണ്ഡലത്തിൽ പേരൂർക്കട എന്നു പറയുന്ന സ്ഥലത്ത് കഴിഞ്ഞ രണ്ടു മൂന്നുമാസമായി നിലനിൽക്കുന്ന ഒരു സംഘർഷാവസ്ഥയിലേക്ക് ബഹുമാനപ്പെട്ട സഭയുടെയും ആഭ്യന്തരവകുപ്പുമന്ത്രിയുടേയും ശദ്ധ ഞാൻ ക്ഷണിക്കുന്നു. കുറെനാളുകളായി രണ്ടു വിഭാഗം ജനങ്ങൾ തമ്മിൽ സംഘർഷം നടക്കുന്നു. രണ്ടുവിഭാഗത്തിൻെറ രണ്ടു വീടുകൾ അഗ്നിക്കിരയായി. അതിനകത്ത് രാഷ്ട്രീയത്തിൻെറ നിറമില്ല. ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിൻെറയും സഹായങ്ങൾ ഈ ശക്തികൾക്ക് കിട്ടുന്നില്ല. വ്യാജച്ചാരായക്കച്ചവടം കുടിൽവ്യവസായ

LIBRARY ARCHIVES Kerala Legislative Assembly